പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2100

17.06.2014- ൽ മറുപടിക്ക്

## മെമ്പർ റിലീഫ് ഫണ്ട്

**ചോദ്യം**

**ശ്രീ. ഇ.പി. ജയരാജൻ :**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമവ്യവസായവും
വകുപ്പുമന്ത്രി)

എ) പ്രാഥമിക സഹകരണ സംഘങ്ങൾ മെമ്പർ റിലീഫ് ഫണ്ട് രൂപീകരിക്കണമെന്ന് ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ടോ;

ബി) സംഘത്തിന്റെ ലാഭത്തിന്റെ എത്ര ശതമാനമാണ് മെമ്പർ റിലീഫ് ഫണ്ടിനായി നീക്കി വയ്ക്കേണ്ടത്;

(എ) യും (ബി) യും

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56 ഉപവകുപ്പ് 1, ക്ലോസ് (സി) പ്രകാരം, ലാഭത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളും ഓരോ വർഷത്തേയും അറ്റ ലാഭത്തിന്റെ 10% സഹകരണ മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലൂടെയാണ് ടി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്.

സി) ഓരോ സംഘത്തിന്റെയും മെമ്പർ റിലീഫ് ഫണ്ട് അത ത് സംഘത്തിന്റെ മെമ്പർമാരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനു പകരം സംസ്ഥാനാടിസ്ഥാനത്തിൽ ഫണ്ട് മാനേജ് ചെയ്യുവാനുള്ള തീരുമാനം സഹകരണതത്വങ്ങൾക്കും സഹകരണജനാധിപത്യ രീതികൾക്കും വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി)

മെമ്പർ റിലീഫ് ഫണ്ട് സംബന്ധിച്ച് കേരള സഹകരണ സംഘം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ പ്രകാരം സഹകരണ വകുപ്പ് മന്ത്രി, ഗവൺമെന്റ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുൾപ്പെട്ട ഒരു കമ്മറ്റിയുടെ നിർദ്ദേശാനുസരണം സഹകരണ സംഘം രജിസ്ട്രാർ ആയിരിക്കും മെമ്പർ റിലീഫ് ഫണ്ട് കൈകാര്യം ചെയ്യുന്നത്. കൂടാതെ ടി പദ്ധതി പ്രകാരം ധനസഹായം ലഭിക്കാൻ അർഹരായ മെമ്പർമാരുടെ ലിസ്റ്റ് തയ്യാറാക്കി കമ്മിറ്റി

മുമ്പാകെ സമർപ്പിക്കേണ്ടതും അർഹരായവർക്ക് കമ്മിറ്റി ധനസഹായം അനുവദിക്കുന്നതുമാണ്. സംസ്ഥാനമൊട്ടാകെയുള്ള സഹകരണ സംഘങ്ങളിലെ മെമ്പർമാരുടെ ആശ്വാസ നിധിയായിട്ടാണ് ടി ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. ലാഭത്തിലുള്ളതും നഷ്ടത്തിലുള്ളതുമായ എല്ലാ സംഘങ്ങളിലെയും അംഗങ്ങൾ ടി പദ്ധതിയുടെ കീഴിൽ വരുന്നതാണ്. കൂടാതെ, പദ്ധതിയുടെ മാനദണ്ഡങ്ങൾ ഏകീകൃതമാക്കുന്നതിനും, പദ്ധതി നടത്തിപ്പ് കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനും ഇപ്രകാരം സംസ്ഥാനാടിസ്ഥാനത്തിലുള്ള ഫണ്ട് മാനേജ്മെന്റ് ആവശ്യമാണ്.

ഡി) എങ്കിൽ ഓരോ സംഘത്തിന്റേയും മെമ്പർ (ഡി) റിലീഫ് ഫണ്ട് അതത് സംഘത്തിലെ അംഗങ്ങൾക്ക് ലഭ്യമാക്കത്തക്കവിധം സഹകരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ മാനേജ് ചെയ്യുന്നതിന് ഉതകുന്ന രീതിയിൽ ചട്ടം ഭേദഗതി ചെയ്യുവാൻ തയ്യാറാകുമോ?

ഓരോ സംഘത്തിലും മെമ്പർ റിലീഫ് ഫണ്ട് സ്വരൂപിക്കുന്നതിനല്ല, മറിച്ച് ലാഭത്തിലുള്ള സംഘങ്ങളുടെ ഒരു നിശ്ചിത ശതമാനം തുക സംസ്ഥാനാടിസ്ഥാനത്തിലുള്ള മെമ്പർ റിലീഫ് ഫണ്ടിലേക്ക് മാറ്റുകയും അപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് എല്ലാ വിഭാഗം സംഘങ്ങളിലുമുള്ള അർഹരായ അംഗങ്ങളുടെ ആശ്വാസത്തിനായി നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ആയതിനാൽ ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ മാറ്റം വരുത്തേണ്ടതില്ലായെന്നു കാണുന്നു.

സെക്ഷൻ ഓഫീസർ